പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2896 13-03-2018-ലെ മറുപടിയ്ക്ക്

## ഓഖി വരുത്തിയ കൃഷി നാശത്തിന് പ്രത്യേക നഷ്ടപരിഹാര പാക്കേജ് അനുവദിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ്** | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| **(എ)** ഓഖി ചുഴലി കൊടുങ്കാറ്റ് തിരുവനന്തപുരം ജില്ലയിൽ വരുത്തിയ കൃഷി നാശത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എത്ര കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത് ; | **(എ)** ഉണ്ട്. 21.26 കോടി രൂപയുടെ കൃഷി നാശം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| **(ബി)** വിള ഇൻഷ്വറൻസ് ഉള്ള വാഴ കർഷകർക്ക് കൃഷി നാശത്തിന് നൽകുന്ന നഷ്ടപരിഹാരം എത്രയാണ് ; | **(ബി)** വിള ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാര നിരക്ക് ചുവടെ ചേർക്കുന്നു.<br>1) ഏത്തൻ, കപ്പ (കുലച്ചതിന്) - 300/- രൂപ ഒരെണ്ണത്തിന്<br>2) ഏത്തൻ, കപ്പ (കുലയ്ക്കാത്തതിന്) - 150/- രൂപ ഒരെണ്ണത്തിന്<br>3) ഞാലിപ്പൂവൻ (കുലച്ചത്) - 200/- രൂപ ഒരെണ്ണത്തിന്<br>4) ഞാലിപ്പൂവൻ (കുലയ്ക്കാത്തതിന്) - 100/- രൂപ |

ഒരെണ്ണത്തിന്

5) മറ്റിനങ്ങൾ (കലച്ചതിന്) - 75/- രൂപ ഒരെണ്ണത്തിന്

6) മറ്റിനങ്ങൾ (കലയ്ക്കാത്തതിന്) - 50/- രൂപ ഒരെണ്ണത്തിന്

| | |
|---|---|
| **(സി)** നെയ്യാറ്റിൻകര താലൂക്കിലെ വാഴക്കർഷകരിൽ 10 ശതമാനം പേർക്ക് മാത്രമെ ഇൻഷ്വറൻസ് പരിരക്ഷയുള്ളൂവെന്നും ആയതിനാൽ ശേഷിക്കുന്ന കർഷകർക്ക് സർക്കാർ നൽകുന്ന തുച്ഛമായ തുക മാത്രമേ നഷ്ടപരിഹാരമായി ലഭിക്കുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(സി)** ഉണ്ട്. പരമാവധി കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതികളെക്കുറിച്ചുള്ള പ്രചാരണ പരിപാടികൾ കൃഷിഭവൻ/ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്/ജില്ലാ തലങ്ങളിൽ നടത്തി വരുന്നുണ്ട്. |
| **(ഡി)** പാട്ടത്തിനെടുത്തും ബാങ്ക് വായ്പയെടുത്തും കൃഷി നടത്തിയ കർഷകരെ സഹായിക്കുവാൻ പ്രത്യേക പാക്കേജ് അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | **(ഡി)** പാട്ടത്തിന് പരമാവധി 2 ഹെക്ടർ വരെ കൃഷി ചെയ്യുന്ന കർഷകർക്കും നിലവിലെ പദ്ധതിയാനുകൂല്യങ്ങളും വിള ഇൻഷ്വറൻസും നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**